ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : vig.pd.lsgd@kerala.gov.in
വെബ്സൈറ്റ്:
principaldirectorate.lsgkerala.gov.in

**LSGD/PD/57664/2023-VIGD1** തീയതി: 12-09-2024

## APPENDIX H4

ശ്രീ. വിഷോയ് വി.ആർ., മുൻ രണ്ടാം ഗ്രേഡ് ഓവർസിയർ, കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് LID&EW സബ് ഡിവിഷൻ, പാലക്കാട് ജില്ല എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ, 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണനടപടി താങ്കൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന നിങ്ങളുടെ എതിർവാദ പത്രികയോ, വിശദീകരണമോ സമർപ്പിക്കുവാൻ നിങ്ങളോട് നിർദ്ദേശിച്ചു കൊണ്ടുള്ള കാരണം കാണിക്കൽ നോട്ടീസ് 08/07/2024 തീയതിയിലെ LSGD/PD/57664/2023-VIGD1 നമ്പർ പ്രകാരം ഏറ്റവും ഒടുവിൽ അറിയാവുന്ന നിങ്ങളുടെ മേൽവിലാസത്തിലും, ഇ-മെയിൽ, വാട്സാപ്പ് എന്നിവ മുഖേനയും അയച്ചിരുന്നു. എന്നാൽ താങ്കൾ വിദേശത്തായതിനാൽ കാരണം കാണിക്കൽ നോട്ടീസ് വിതരണം ചെയ്യപ്പെടാതെ പോസ്റ്റൽ അധികാരികൾ ഡിപ്പാർട്ടുമെന്റിലേക്ക് മടക്കുകയും, ഇ-മെയിൽ, വാട്സാപ്പ് സന്ദേശത്തിനു മറുപടിയും ലഭ്യമാക്കിയിട്ടില്ലാത്തതുമാണ്. അതിനാൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ നിങ്ങൾക്കെതിരെ തയ്യാറാക്കിയ കാരണം കാണിക്കൽ നോട്ടീസിന് ലിഖിതമായ എതിർവാദ പത്രികയോ, മറ്റ് വിശദീകരണമോ ലഭിക്കാത്തപക്ഷം താങ്കൾക്ക് യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. കാരണം കാണിക്കൽ നോട്ടീസിന്റെ പൂർണ്ണരൂപം നിശ്ചിതകാലാവധിക്ക് മുമ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ

പി.ഒ, തിരുവനന്തപുരം, പിൻ- **695003** -ൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയക്കേണ്ടതായ നിങ്ങളുടെ മേൽവിലാസം നൽകികൊണ്ട് നിങ്ങൾ നൽകുന്ന അപേക്ഷയിന്മേലോ നിങ്ങൾക്ക് വാങ്ങാവുന്നതാണ്.

Seeram Sambasiva Rao IAS

PRINCIPAL DIRECTOR

SEERAM SAMBASIVA RAO IAS
PEN : 721045
Principal Director
Local Self Government Department
Swaraj Bhavan, Nanthencode
Kowdiar PO, Tvpm - 695003

PRINCIPAL DIRECTORATE * LOCAL SELF GOVT DEPARTMENT * THIRUVANANTHAPURAM

<u>സ്വീകർത്താവ്</u>

ശ്രീ. വിഷോയ് വി.ആർ.,
രണ്ടാം ഗ്രേഡ് ഓവർസിയർ,
കുഴൽമന്ദം സബ് ഡിവിഷൻ, പാലക്കാട്.

ഭരണഭാഷ-മാതൃഭാഷ

തദ്ദേശ സ്വയംഭരണ വകുപ്പ്
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ, പാലക്കാട്- 678001
e-mail- jdlsgdpkd1@gmail.com
Phone: 0491- 2505155, 2505199

LSGD/JD/PKD/6137/2023-A2 തിയ്യതി: 27-05-2024

ഡെപ്യൂട്ടി ഡയറക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ്
പാലക്കാട്

ബഹു.പ്രിൻസിപ്പൽ ഡയറക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം : കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത്-രണ്ടാം തരം ഓവർസീയറായ ശ്രീ.വിഷോയ്.വി.ആർ എന്നവരുടെ അനധികൃത ഹാജരില്ലായ്മ-ഔപചാരിക അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നത് – സംബന്ധിച്ച്

സൂചന : 1. അങ്ങയുടെ 01/04/2024 ലെ LSGD/PD/57664/2023-VIGD1 നമ്പർ കത്ത്.
2. 16/05/2024 ജില്ലാ ജോയിൻറ് ഡയറക്ടറുടെ കാര്യാലയത്തിൽ വെച്ച് നടത്തിയ ഔപചാരിക അന്വേഷണം

*********************

കുഴൽമന്ദം ബ്ലോക്ക് പഞ്ചയാത്ത് കുഴൽമന്ദം സബ്ഡിവിഷൻ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ രണ്ടാം തരം ഓവർസീയർ ആയ ശ്രീ.വിഷോയ്.വി.ആർ എന്നവരുടെ അനധികൃത ഹാജരില്ലായ്മക്കെതിരെ നടന്നുവരുന്ന അച്ചടക്ക നടപടിയുടെ ഭാഗമായുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് സൂചന(1) പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ളതനുസരിച്ച് സൂചന(2) പ്രകാരം നടത്തിയ ഔപചാരിക അന്വേഷണത്തിൻറെ റിപ്പോർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ


Generated from eOffice by SUBHA RAJ S R, VIGD1 PD LSGD, VIGD1 PD LSGD, PRINCIPAL DIRCTORATE LSGD on 28/09/2024 11:20 AM

I/296033/2024

Signed by
Gopinathan K
Date: 27-05-2024 16:50:52

Gopinathan K
DEPUTY DIRECTOR
തദ്ദേശ സ്വയംഭരണ വകുപ്പ്
പാലക്കാട്

**ഉള്ളടക്കം - ഔപചാരിക അന്വേഷണ റിപ്പോർട്ട്**





Generated from eOffice by SUBHA RAJ S R, VIGD1 PD LSGD, VIGD1 PD LSGD, PRINCIPAL DIRCTORATE LSGD on 28/09/2024 11:20 AM

LSGD/JD/PKD/6137/2023-A2 17-05-2024

**<u>ഔപചാരിക അന്വേഷണ റിപ്പോർട്ട്</u>**

(1960 ലെ കെ.സി.എസ്(സി.സി.എ) റൂൾസ് ഖണ്ഡിക 15(2) പ്രകാരം)

പാലക്കാട് ജില്ലയിലെ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത്, എഞ്ചിനീയറിംഗ് വിഭാഗം കുഴൽമന്ദം സബ്ഡിവിഷനിലെ ഗ്രേഡ് 2 ഓവർസീയറായ ശ്രീ.വിഷോയ്.വി.ആർ എന്നവർ 01-12-2012 മുതൽ 30-11-2017 വരെയുള്ള ശൂന്യവേതന അവധിക്കുശേഷം ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്ത വിഷയത്തിൽ സ്വീകരിച്ചുവരുന്ന അച്ചടക്കനടപടിയുടെ ഭാഗമായി, ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01-04-2024 ലെ LSGD/PD/57664/2023-VIGD1 ഉത്തരവ് പ്രകാരം പാലക്കാട് ജില്ലാ ജോയിൻറ് ഡയറക്ടറുടെ കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ.ഗോപിനാഥൻ.കെ എന്നവരെ ചുമതലപ്പെടുത്തിയതിൻമേൽ, 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും,നിയന്ത്രണവും,അപ്പീലും) ചട്ടങ്ങളിലെ ചട്ടം-15(2) പ്രകാരം, സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശിക്ഷണ നടപടി സംബന്ധിച്ച മാന്വലിലെ ഖണ്ഡിക 18 മുതൽ 42 വരെയുള്ള നിബന്ധനകൾ പാലിച്ചുകൊണ്ട് 16-05-2024 ന് ഉച്ചയ്ക്ക് 2 മണിക്ക് പാലക്കാട് ജില്ലാ ജോയിൻറ് ഡയറക്ടറുടെ കാര്യാലയത്തിൽ വെച്ച് ഔപചാരിക അന്വേഷണം നടത്തിയതിൻപ്രകാരം സമർപ്പിക്കുന്ന റിപ്പോർട്ട് :-

**<u>അച്ചടക്കനടപടി നേരിടുന്ന ജീവനക്കാരനെ സംബന്ധിക്കുന്ന വിവരങ്ങൾ</u>**

അച്ചടക്കനടപടി നേരിടുന്ന ജീവനക്കാരൻറെ പേര്- ശ്രീ.വിഷോയ്.വി.ആർ

PEN - 678994

ജനന തീയതി - 01-01-1981

കുറ്റാരോപണ കാലയളവിലെ തസ്തിക,കാര്യാലയം- ഓവർസീയർ ഗ്രേഡ് 2,
കുഴൽമന്ദം സബ്ഡിവിഷൻ,
കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത്

കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിലെ
സേവന കാലയളവ് - 22-05-2012 AN മുതൽ
നാളിതുവരെ.

മുൻ സേവന ചരിത്രം - 17-02-2012 മുതൽ
22-05-2012 FN വരെ

കോഴിക്കോട് LSGD സബ്ഡിവിഷൻ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ മൂന്നാം ഗ്രേഡ് ഓവർസീയറായി സേവനമനുഷ്ഠിച്ചിരുന്നു.

സേവനപുസ്തക പ്രകാരമുള്ള മേൽവിലാസം - വിഷോയ്.വി.ആർ
S/o വിശ്വനാഥൻ.കെ
പെരളത്ത് തെക്കേതിൽ
കടപ്പാക്കട(പി.ഒ), കൊല്ലം

**സംഗ്രഹം**

ശ്രീ.വിഷോയ്.വി.ആർ S/o വിശ്വനാഥൻ.കെ, പെരളത്ത് തെക്കേതിൽ, കടപ്പാക്കട, കൊല്ലം എന്നവർ മൂന്നാം തരം ഓവർസീയറായി 17-02-2012 ന് കോഴിക്കോട് എൽ.എസ്.ജി.ഡി സബ്ഡിവിഷൻ അസി.എക്സിക്യൂട്ടീവ് എഞ്ചിനീറുടെ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിക്കുകയും, പുതുതായി പി.എസ്.സി വഴി നിയമനം ലഭിച്ചതിനെ തുടർന്ന് 22-05-2012 AN ന് രണ്ടാം തരം ഓവർസീയറായി കുഴൽമന്ദം സബ്ഡിവിഷൻ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. കുഴൽമന്ദം സബ്ഡിവിഷൻ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 24-07-2012 ലെ E1-3/2012 നമ്പർ ഉത്തരവ് പ്രകാരം, ഭാര്യയോടൊത്ത് വിദേശത്ത് താമസിക്കുവാനായി ശ്രീ.വിഷോയ്.വി.ആർ എന്നവർക്ക് 25-07-2012 മുതൽ 22-10-2012 വരെ 90 ദിവസത്തേക്ക് KSR Rule-88,XII-C പ്രകാരമുള്ള ശൂന്യവേതനാവധി അനുവദിച്ചിട്ടുള്ളതും 27-10-2012 ന് തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമാണ്.

തുടർന്ന് തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യൂ) വകുപ്പിൻറെ 29-11-2012 ലെ GO(Rt) No.3277/2012/LSGD നമ്പർ ഉത്തരവ് പ്രകാരം 01-12-2012 മുതൽ 30-11-2017 വരെ 5 വർഷത്തേക്ക് ശൂന്യവേതന അവധിയിൽ പ്രവേശിച്ചിട്ടുള്ളതും അവധി കഴിഞ്ഞിട്ടും നാളിതുവരെ തിരികെ ജോലിയിൽ പ്രവേശിക്കാതെ അനധികൃത ഹാജരില്ലായ്മയിൽ തുടരുകയുമാണ്.

**കുറ്റാരോപണ പത്രികയിലെ ചാർജ്ജുകളുടെ സംക്ഷിപ്തം**

തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യൂ) വകുപ്പിൻറെ 29-11-2012 ലെ GO(Rt) No.3277/2012/LSGD നമ്പർ ഉത്തരവ് പ്രകാരം 01-12-2012 മുതൽ 30-11-2017 വരെ 5 വർഷത്തേക്ക് ശൂന്യവേതന അവധിയിൽ പ്രവേശിച്ചിട്ടുള്ള കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിലെ രണ്ടാം ഗ്രേഡ് ഓവർസീറായ ശ്രീ.വിഷോയ്.വി.ആർ എന്നവർ അവധി കാലാവധി അവസാനിക്കുന്നതിനുമുമ്പായി തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ, അവധി കാലാവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കുകയോ ചെയ്തിട്ടില്ലാത്തും ജോലിയിൽ പുന:പ്രവേശിക്കുന്നതിനായി രേഖാമൂലം നിർദ്ദേശം നല്കിയിട്ടും ആയത് അവഗണിച്ച് 01-12-2017 മുതൽ അനധികൃത ഹാജരില്ലായ്മയിൽ തുടരുകയും ചെയ്യുന്നു. ഒരു സർക്കാർ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായ ചുമതലകൾ പാലിക്കാതെയും മേലുദ്യോഗസ്ഥൻറെ നിർദ്ദേശങ്ങൾ അവഗണിച്ചും തന്നിഷ്ടപ്രകാരം ഓഫീസിൽ ഹാജരാകാതിരിക്കുന്നത് കടുത്ത അച്ചടക്ക ലംഘനമായി കണക്കാക്കുന്നതും മേൽ പ്രവൃത്തി, കെ.എസ്.ആർ ഭാഗം-1, അനുബന്ധം XII A/XII C പ്രകാരം ശൂന്യവേതനാവധി അനുവദിക്കുന്നതിനായുള്ള 30-12-2020 ലെ 83/2020/ധന സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമായി കാണുന്നതായും പറയുന്നു.

**പ്രതിവാദത്തിൻറെ സംക്ഷിപ്തം**

തൻറെ ഭാര്യയുടെ പ്രസവവുമായി ബന്ധപ്പെട്ടാണ് 01-12-2012 മുതൽ 5 വർഷത്തേക്ക് ശൂന്യവേതനാവധി എടുത്തിരുന്നത്. നിർഭാഗ്യവശാൽ ജനിച്ച കുട്ടിക്ക് മാനസികവും ശാരീരികവുമായ വൈകല്യങ്ങളുണ്ടായി(ഓട്ടിസം/ഡൌൺ സിൻഡ്രോം). തുടർ ചികിത്സക്കായി താനും കുടുംബവും വിദേശത്ത് താമസിച്ചുവരികയാണെന്നും നാട്ടിലുള്ള വീടും സ്ഥലവും കൈമാറ്റം ചെയ്തതിനാൽ പ്രസ്തുത വിലാസം ഇപ്പോൾ നിലവിലില്ലാത്തതുമാണ്. തനിക്ക് ഉദ്യോഗത്തിൽ തുടരാനാകാത്ത അവസ്ഥ പലകുറി പ്രസ്തുത ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തിയിട്ടുള്ളതാണെന്നും ശിക്ഷണ നടപടികൾ ഒഴിവാക്കി നിർബാധം തന്നെ ഉദ്യോഗത്തിൽ നിന്നും പിരിച്ചുവിടാൻ ഉത്തരവാകണമെന്നുമാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

**തെളിവിലേക്കുള്ള വസ്തുതകൾ**

1. കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ

24/07/2012 ലെ ഇ1-3/2012 നമ്പർ ഉത്തരവ്.

2. കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 06/11/2012 ലെ ഇ1-3/2012 നമ്പർ ഉത്തരവ്.
3. 29/11/2012 ലെ സ.ഉ(ആർ.ടി)നം.3277/2012/തസ്വഭവ ഉത്തരവ്.
4. ശ്രീ.വിഷോയ്.വി.ആർ എന്നവർ കുഴൽമന്ദം അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അയച്ച ഇ-മെയിൽ സന്ദേശം.
5. ബഹു.പ്രിൻസിപ്പൽ ഡയറക്ടറുടെ 24/10/2023 ലെ LSGD/PD/57664/2023-VIGD1 നമ്പർ കുറ്റാരോപണ പത്രിക/മെമ്മോ.
6. ശ്രീ.വിഷോയ്.വി.ആർ എന്നവരുടെ 29/11/2023 ലെ എതിർവാദപത്രിക.
7. കുഴൽമന്ദം ബ്ലോക്ക് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 19/02/2024 ലെ A1-1888/GEN/KZM/20 നമ്പർ കത്ത്
7. ഈ ഓഫീസിൽ നിന്നും ബഹു.പ്രിൻസിപ്പൽ ഡയറക്ടർക്കയച്ച 16/03/2024 ലെ LSGD/JD/PKD/6137/2023-A2 നമ്പർ കത്ത്
8. ബഹു.പ്രിൻസിപ്പൽ ഡയറക്ടറുടെ 01/04/2024 ലെ LSGD/PD/57664/2023-VIGD1 നമ്പർ ഔപചാരിക അന്വേഷണ ഉത്തരവ്.
9. ഔപചാരിക അന്വേഷണത്തിനായുള്ള നോട്ടീസ് ശ്രീ.വിഷോയ്.വി.ആർ എന്നവർക്ക് രജിസ്റ്റേഡ് തപാലിൽ അയച്ചുനൽകിയത് തിരികെ ലഭ്യമായത്.
10. ഔപചാരിക അന്വേഷണത്തിനായുള്ള നോട്ടീസിന്മേൽ ശ്രീ.വിഷോയ്.വി.ആർ എന്നവരുടെ 14/05/2024 ലെ മറുപടി.

**<u>നേർവിചാരണ മൊഴികൾ</u>**

1.**ശ്രീ.വിഷോയ്.വി.ആർ(PEN-678994)-**

കാനഡയിൽ സ്ഥിര താമസമായതിനാൽ നേർവിചാരണയ്ക്ക് ഹാജരായില്ല.വിവരം 14/05/2024 ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്.

2.**ശ്രീ.അബു സെയ്ദ്.എസ്,**
**അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത്.**

22/05/2012 AN മുതൽ കുഴൽമന്ദം സബ്ഡിവിഷൻ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ രണ്ടാം തരം ഓവർസീയറായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.വിഷോയ്.വി.ആർ (PEN-678994) എന്നവർക്ക് 29-11-2012 ലെ GO(Rt) No.3277/2012/LSGD ഉത്തരവ് പ്രകാരം 5 വർഷത്തെ ശൂന്യവേതനാവധി അനുവദിച്ചതിനെ തുടർന്ന്1-12-2012 മുതൽ അവധിയിൽ പ്രവേശിക്കുകയാണുണ്ടായത്. ടിയാൻ നാളിതുവരെ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതുമാണ്. സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തിയ വിലാസത്തിൽ (വിഷോയ്.വി.ആർ S/o വിശ്വനാഥൻ.കെ, പെരളത്തുതെക്കേതിൽ,കടപ്പാക്കട(പി.ഒ), കൊല്ലം-691008 എന്നത്) ടിയാൻ നിലവിൽ താമസച്ചുവരുന്നില്ല. ഇ-മെയിൽ, ഫോൺ മുഖാന്തിരം ബന്ധപ്പെട്ടപ്പോൾ കുടുംബസമേതം കാനഡയിലാണ് താമസിച്ചുവരുന്നതെന്നും നാട്ടിലേക്ക് തിരികെ വരാൻ കഴിയാത്ത സ്ഥിതിവിശേഷമാണ് നിലവിലുള്ളതെന്നുമാണ് അറിയിച്ചിട്ടുള്ളത്.-എന്നാണ് മൊഴിയായി അറിയിച്ചിട്ടുള്ളത്.**(അനുബന്ധം-1)**

**<u>ഔപചാരിക അന്വേഷണത്തിലെ കണ്ടെത്തലുകൾ</u>**

I/296035/2024

കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് കുഴൽമന്ദം ഡിവിഷനിലെ രണ്ടാം തരം ഓവർസീയറായ ശ്രീ.വിഷോയ്.വി.ആർ എന്നവർക്കെതിരായ അനധികൃത ഹാജരില്ലായ്മയുടെ പേരിലുള്ള അച്ചടക്ക നടപടിയുടെ ഭാഗമായുള്ള ഔപചാരിക അന്വേഷണം 16/05/2024 ന് വ്യാഴാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് പാലക്കാട് ജില്ലാ ജോയിൻറ് ഡയറക്ടറുടെ കാര്യലയത്തിൽ വെച്ച് നടത്തിയതിൽ പങ്കെടുത്ത അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മൊഴി രേഖപ്പെടുത്തുകയും,ശ്രീ.വിഷോയ്.വി.ആർ എന്നവരുടെ അപേക്ഷയും ബന്ധപ്പെട്ട ഫയലുകളും രേഖകളും പരിശോധിക്കുകയും ചെയ്തതിൻറെ അടിസ്ഥാനത്തിൽ കണ്ടെത്തിയ വിവരങ്ങൾ:-

ശ്രീ.വിഷോയ്.വി.ആർ S/o വിശ്വനാഥൻ.കെ, പെരളത്ത് തെക്കേതിൽ, കടപ്പാക്കട, കൊല്ലം എന്നവർ മൂന്നാം തരം ഓവർസീയറായി 17-02-2012 ന് കോഴിക്കോട് എൽ.എസ്.ജി.ഡി സബ്ഡിവിഷൻ അസി.എക്സിക്യൂട്ടീവ് എഞ്ചിനീറുടെ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ചുകൊണ്ട് സർക്കാർ സേവനം ആരംഭിക്കുകയും, പുതുതായി പി.എസ്.സി വഴി നിയമനം ലഭിച്ചതിനെ തുടർന്ന് 22-05-2012 AN ന് രണ്ടാം തരം ഓവർസീയറായി കുഴൽമന്ദം സബ്ഡിവിഷൻ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. കുഴൽമന്ദം സബ്ഡിവിഷൻ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 24-07-2012 ലെ E1-3/2012 നമ്പർ ഉത്തരവ് പ്രകാരം, ഭാര്യയോടൊത്ത് വിദേശത്ത് താമസിക്കുവാനായി ശ്രീ.വിഷോയ്.വി.ആർ എന്നവർക്ക് 25-07-2012 മുതൽ 22-10-2012 വരെ 90 ദിവസത്തേക്ക് KSR Rule-88,XII-C പ്രകാരമുള്ള ശൂന്യവേതനാവധി അനുവദിച്ചിട്ടുള്ളതും 27-10-2012 ന് തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമാണ് **(അനുബന്ധം-2)**

തുടർന്ന് തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യൂ) വകുപ്പിൻറെ 29-11-2012 ലെ GO(Rt) No.3277/2012/LSGD നമ്പർ ഉത്തരവ് പ്രകാരം **(അനുബന്ധം-2)** 01-12-2012 മുതൽ 30-11-2017 വരെ 5 വർഷത്തേക്ക് ശൂന്യവേതന അവധിയിൽ പ്രവേശിച്ചിട്ടുള്ളതും അവധി കഴിഞ്ഞിട്ടും നാളിതുവരെ തിരികെ ജോലിയിൽ പ്രവേശിക്കാതെ അനധികൃത ഹാജരില്ലായ്മയിൽ തുടരുകയുമാണ്. ബഹു.പ്രിൻസിപ്പൽ ഡയറക്ടറുടെ 24/10/2023 ലെ LSGD/PD/57664/2023-VIGD1 നമ്പർ കുറ്റാരോപണ പത്രിക/മെമ്മോ ശ്രീ.വിഷോയ്.വി.ആർ എന്നവരുടെ മേൽ വിലാസത്തിൽ അയച്ചുനല്കിയപ്പോൾ ആയത് തിരികെ വന്നതായും തുടർന്ന് ഇ-മെയിൽ വിലാസത്തിൽ അയച്ചുനല്കുകയും മറുപടി ഇ-മെയിൽ മുഖേന സമർപ്പിക്കുകയാണുണ്ടായതെന്നും ഫോൺ മുഖേന ബന്ധപ്പെട്ടപ്പോൾ നിലവിലിൽ കാനഡയിലാണ് താമസമെന്ന് അറിയാൻ കഴിഞ്ഞതായും അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരുന്നു**(അനുബന്ധം-3)**.

പ്രസ്തുത മെമ്മോയ്ക്ക് ടിയാൻ 29/11/2023 ന് സമർപ്പിച്ച മറുപടിയിൽ-

"ഞാൻ വിഷോയ്.വി.ആർ s/o വിശ്വനാഥൻ.കെ, പാലക്കാട് ജില്ലയിലെ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിലെ രണ്ടാം ഗ്രേഡ് ഓവർസീയർ 5 വർഷത്തെ ശൂന്യവേതനാവധിക്കു അപേക്ഷ നല്കിയിരുന്നു.ആയത് 1-12-2012 മുതൽ 29-11-2012 വരെ ആയിരുന്നു. ഭാര്യയുടെ പ്രസവവുമായി ബന്ധപ്പെട്ടാണ് അവധി നല്കിയത്. നിർഭാഗ്യവശാൽ ജനിച്ച കുട്ടിക്ക് മാനസികവും ശാരീരികവുമായ വൈകല്യങ്ങളുണ്ടായി(ഓട്ടിസം/ഡൌൺ സിൻഡ്രോം). തുടർ ചികിത്സക്കായി ഞാനും കുടുംബവും വിദേശത്ത് താമസിച്ചുവരികയാണ്. നാട്ടിലുള്ള വീടും സ്ഥലവും കൈമാറ്റം ചെയ്തതിനാൽ പ്രസ്തുത മേൽവിലാസം ഇപ്പോൾ നിലവിലില്ലാത്തതാണ്. എനിക്ക് ഉദ്യോഗത്തിൽ തുടരാനാകാത്ത അവസ്ഥ പലകുറി പ്രസ്തുത ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തിയിട്ടുള്ളതുമാകുന്നു. ആയതിനാൽ മേൽപറഞ്ഞ ശിക്ഷണ നടപടികൾ സ്വീകരിക്കാതെ നിർബാധം എന്നെ ഉദ്യോഗത്തിൽ നിന്നും പിരിച്ചുവിടാൻ ഉത്തരവാകണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു."**(അനുബന്ധം-4)** എന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

ബഹു.പ്രിൻസിപ്പൽ ഡയറക്ടറുടെ 01/04/2024 ലെ LSGD/PD/57664/2023-VIGD1 നമ്പർ ഔപചാരിക അന്വേഷണത്തിനായുള്ള ഉത്തരവിൻറെ അടിസ്ഥാനത്തിൽ ശ്രീ.വിഷോയ്.വി.ആർ എന്നവർക്ക് രജി.തപാൽ മുഖേന ഹിയറിംഗ് നോട്ടീസ് അയച്ചു നല്കിയെങ്കിലും 'Addressee left India' എന്ന കാരണം കാണിച്ച് മടങ്ങിവരികയാണുണ്ടായത് **(അനുബന്ധം-5)**. തുടർന്ന് ഇ-മെയിൽ മുഖേന

അയച്ചുനല്കിയ നോട്ടീസിന് ടിയാൻ കാനഡയിൽ നിന്നും ലഭ്യമാക്കിയ മറുപടിയിൽ- "എനിക്കുണ്ടായ ജീവിത പ്രശ്നങ്ങളും, ആയതിനാൽ എനിക്ക് സർവ്വീസിൽ തുടരാനാകാത്തതുമായ പശ്ചാത്തലം പലകുറി അറിയിച്ചിട്ടുള്ളതുമാണ്. ഓട്ടിസം ബാധിച്ച മകൻറെ ചികിത്സാർത്ഥം എനിക്ക് വിദേശത്ത് തുടരേണ്ടതിനാൽ മെയ് മാസം 16-ാം തീയതിയിലുള്ള ഹിയറിംങ്ങിന് എനിക്ക് പങ്കെടുക്കാൻ സാധിക്കുകയില്ല. എന്നോട് സവിനയം ക്ഷമിച്ച് തുടർ അച്ചടക്കനടപടികൾ കൈക്കൊള്ളാതെ സർവ്വീസിൽ നിന്നും പിരിച്ചുവിടാൻ ദയവായി അപേക്ഷിക്കുന്നു." എന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത് **(അനുബന്ധം-6)**.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 03/02/2012 ലെ ഇ6-6400/2008/സി.ഇ/തസ്വഭവ ഉത്തരവ് പ്രകാരം 17/02/2012 ന് സർക്കാർ സർവ്വീസിൽ പ്രവേശിച്ച ശ്രീ.വിഷോയ്.വി.ആർ എന്നവരുടെ രണ്ടാം തരം ഓവർസീയർ തസ്തികയിലെ നിയമനം നാളിതുവരെ ക്രമവത്കരിച്ചിട്ടില്ലാത്തതും,നിരീക്ഷണകാലം പൂർത്തീകരിച്ചിട്ടില്ലാത്തതുമാണ്.സർക്കാർ സേവനത്തിൽ തുടരാൻ കഴിയാത്ത സാഹചര്യമാണെന്നും തന്നെ സർവ്വീസിൽ നിന്നും പിരിച്ചുവിടണമെന്നും ശ്രീ.വിഷോയ്.വി.ആർ എന്നവർ തന്നെ ആവശ്യപ്പെട്ടിട്ടുള്ളതിനാൽ ടിയാനെ നിയമാനുസൃതം സേവനത്തിൽ നിന്നും നീക്കം ചെയ്തുകൊണ്ട് ശിക്ഷണ നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന ശുപാർശയോടെ മേൽ റിപ്പോർട്ട് അനുബന്ധം-1,,2,3,4,5,6 എന്നിവ സഹിതം അങ്ങയുടെ അറിവിനും തുടർനടപടികൾക്കുമായി സമർപ്പിക്കുന്നു.

Gopinathan K
DEPUTY DIRECTOR
തദ്ദേശ സ്വയംഭരണ വകുപ്പ്
പാലക്കാട്.

സ്വീകർത്താവ്,
ബഹു.പ്രിൻസിപ്പൽ ഡയറക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ്
തിരുവനന്തപുരം

പകർപ്പ്-
1.ശ്രീ.വിഷോയ്.വി.ആർ
S/o വിശ്വനാഥൻ.കെ,പെരളത്ത് തെക്കേതിൽ,
കടപ്പാക്കട(പി.ഒ), കൊല്ലം

2.കരുതൽ/അധികം

ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : vig.pd.lsgd@kerala.gov.in
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in

LSGD/PD/57664/2023-VIGD1 തീയതി: 08-07-2024

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം: തദ്ദേശസ്വയംഭരണവകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -പാലക്കാട് ഡിവിഷന് കീഴിലുള്ള കുഴൽമന്ദം സബ് ഡിവിഷനിലെ രണ്ടാം ഗ്രേഡ് ഓവർസിയർ ശ്രീ. വിഷോയ് വി.ആർ. എന്നവരുടെ അനധികൃത ഹാജരില്ലായ്മ - അച്ചടക്കനടപടി- കാരണം കാണിക്കൽ നോട്ടീസ് നൽകുന്നത് - സംബന്ധിച്ച്.

സൂചന :
1. തദ്ദേശസ്വയംഭരണ(ഇ.ഡബ്ല്യു)വകുപ്പിന്റെ 29/11/2012 തീയതിയിലെ G.O.(Rt)No.3277/2012/LSGD നമ്പർ ഉത്തരവ്.
2. പാലക്കാട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 06/03/2023 തീയതിയിലെ A2/439/2020 നമ്പർ കത്ത്.
3. ഈ കാര്യാലയത്തിലെ 24/10/2023 തീയതിയിലെ ഇതേ നമ്പർ കുറ്റാരോപണ മെമ്മോ/പത്രിക.
4. താങ്കളുടെ 29/11/2023 തീയതിയിലെ എതിർവാദ പത്രിക.
5. പാലക്കാട് ജില്ല ജോയിന്റ് ഡയറക്ടറുടെ 16/03/2024 തീയതിയിലെ LSGD/JD/PKD/6137/2023-A2 നമ്പർ റിപ്പോർട്ട്.
6. ഈ കാര്യാലയത്തിലെ 01/04/2024 തീയതിയിലെ ഇതേ നമ്പർ ഔപചാരികാന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയ ഉത്തരവ്.
7. പാലക്കാട് ജില്ല ജോയിന്റ് ഡയറക്ടറുടെ 27/05/2024 തീയതിയിലെ LSGD/JD/PKD/6137/2023-A2 നമ്പർ ഔപചാരികാന്വേഷണ റിപ്പോർട്ട്.
8. ഈ കാര്യാലയത്തിലെ 03/06/2024 തീയതിയിലെ ഇതേ നമ്പർ ഹിയറിംഗ് നോട്ടീസ്.

പാലക്കാട് ജില്ലയിലെ പാലക്കാട് ഡിവിഷന് കീഴിലുള്ള കഴൽമന്ദം സബ് ഡിവിഷനിലെ രണ്ടാം ഗ്രേഡ് ഓവർസിയർ ശ്രീ. വിഷോയ് വി.ആർ. ന് സൂചന (1) പ്രകാരം 01/12/2012 മുതൽ 30/11/2017 വരെ 5 വർഷത്തെ ശൂന്യവേതനാവധി അനുവദിച്ചിരുന്നതായും, പ്രസ്തുത അവധി കഴിഞ്ഞിട്ടും ജോലിയിൽ പ്രവേശിക്കാത്തതിനാൽ ജോലിയിൽ പുനഃപ്രവേശിക്കുന്നതിന് ടിയാന് രേഖാമൂലം നിർദേശം നൽകിയിരുന്നുവെന്നും, എന്നിട്ടും ടിയാൻ ജോലിയിൽ പുനഃപ്രവേശിച്ചിട്ടില്ലെന്ന് പാലക്കാട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ സൂചന (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

സൂചന (2) പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിൽ രണ്ടാം ഗ്രേഡ് ഓവർസിയറായ താങ്കൾ GO(Rt)No. 3277/2102/LSGD Dtd.29/11/2012 ഉത്തരവ് പ്രകാരം 01/12/2012 മുതൽ 31/11/2017 വരെ 5 വർഷത്തെ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും അവധി കാലാവധി അവസാനിക്കുന്നതിന് മുമ്പായി തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ, അവധി കാലാവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കുകയോ ചെയ്തിട്ടില്ല, ജോലിയിൽ പുനഃപ്രവേശിക്കുന്നതിനായി രേഖാമൂലം നിർദ്ദേശം നൽകിയിട്ടും ആയത് അവഗണിച്ച് 01/12/2017 മുതൽ അനധികൃത ഹാജരില്ലായ്മയിൽ തുടരുന്നു, ഒരു സർക്കാർ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായ ചുമതലകൾ പാലിക്കാതെയും, മേലുദ്യോഗസ്ഥന്റെ നിർദ്ദേശങ്ങൾ അവഗണിച്ചും തന്നിഷ്ട പ്രകാരം ഓഫീസിൽ ഹാജരാകാതിരുന്നു, ധനകാര്യ (റൂൾസ്-ബി) വകുപ്പിന്റെ 30/12/2020 തീയതിയിലെ KSR Part I, അനുബന്ധം XII A/XII C പ്രകാരം ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള നമ്പർ. 83/2020/ധന സർക്കുലറിന്റെ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനം നടത്തി എന്നീ കുറ്റങ്ങൾ ചെയ്തിട്ടുള്ളതിനാൽ ആയത് ഗുരുതരമായ അച്ചടക്കലംഘനവും, കൃത്യവിലോപവും, ചട്ടലംഘനവും, സർവ്വീസ് ചട്ടങ്ങളോടുള്ള അനാദരവുമായി കണ്ട് താങ്കൾക്കെതിരെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം സൂചന (3) പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകി അച്ചടക്കനടപടി ആരംഭിച്ചിരുന്നു.

സൂചന (3) പ്രകാരം നൽകിയിട്ടുള്ള കുറ്റാരോപണ മെമ്മോ/പത്രികയ്ക്ക് സൂചന (4) താങ്കൾ സമർപ്പിച്ചിട്ടുള്ള എതിർവാദ പത്രികയിൽ 5 വർഷത്തെ ശൂന്യവേതനവധി എടുത്തിരുന്നത് ഭാര്യയുടെ പ്രസവവുമായി ബന്ധപ്പെട്ടായിരുന്നുവെന്നും, നിർഭാഗ്യവശാൽ ജനിച്ച കുട്ടിക്ക് മാനസികവും, ശാരീരികവുമായ വൈകല്യങ്ങളുണ്ടായിയെന്നും (Autism/Down Syndrome) തുടർചികിത്സയ്ക്കായി കുടുംബമായി വിദേശത്തു താമസിച്ചു വരികയാണെന്നും, ഉദ്യോഗത്തിൽ തുടരാനാകാത്ത അവസ്ഥ പലകുറി ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തിയിട്ടുള്ളതാണെന്നും, ആയതിനാൽ ശിക്ഷണ നടപടികൾ സ്വീകരിക്കാതെ ഉദ്യോഗത്തിൽ നിന്നും പിരിച്ചുവിടാൻ ഉത്തരവാകണമെന്നും താങ്കൾ അപേക്ഷിച്ചിരുന്നു.

താങ്കൾ സമർപ്പിച്ചിട്ടുള്ള എതിർവാദ പത്രികയിന്മേൽ സൂചന (5) പ്രകാരം ജില്ലാ ജോയിന്റ് ഡയറക്ടർ അഭിപ്രായ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആയതിൽ ശ്രീ. വിഷോയ് വി.ആർ. എന്നവർ ശൂന്യവേതനാവധി കഴിഞ്ഞ് ജോലിയിൽ പ്രവേശിച്ചിട്ടില്ലെന്നും, ടിയാന്റെ സേവനകാലയളവ് ക്രമവത്കരിക്കുകയോ നിരീക്ഷണകാലം പൂർത്തീകരിച്ച് ഉത്തരവാകുകയോ ചെയ്തിട്ടില്ലായെന്നും, സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയത്

പ്രകാരമുള്ള മേൽവിലാസം നിലവിലില്ലാത്തതും ടിയാൻ നിലവിൽ വിദേശരാജ്യമായ കാനഡയിൽ താമസച്ചുവരികയുമാണെന്നുമാണ് അറിയിച്ചിട്ടുള്ളതെന്നും, ഇ-മെയിൽ മുഖാന്തിരമാണ് ടിയാൻ കുറ്റാരോപണ മെമ്മോയ്ക്കുള്ള മറുപടി സമർപ്പിച്ചിട്ടുള്ളതെന്നും, സർക്കാർ സേവനത്തിൽ തുടരാൻ കഴിയാത്ത സാഹചര്യമാണെന്ന് ടിയാൻ അറിയിച്ചിട്ടുള്ളതിനാൽ ടിയാനെ നിയമാനുസൃതം സേവനത്തിൽ നിന്നും നീക്കം ചെയ്തുകൊണ്ട് ശിക്ഷണനടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് അഭിപ്രായ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

താങ്കൾ സമർപ്പിച്ചിട്ടുള്ള എതിർവാദ പത്രിക, സൂചന (5) പ്രകാരമുള്ള അഭിപ്രായ റിപ്പോർട്ട് എന്നിവ പരിശോധിച്ചതിൽ ടി വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടത് അനിവാര്യമായതിനാൽ, ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥനായി പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി പരാമർശം (6) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം (7) പ്രകാരം സമർപ്പിച്ചിട്ടുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ ശ്രീ. വിഷോയ് വി.ആർ. S/o വിശ്വനാഥൻ കെ., പെരളത്ത് തെക്കേതിൽ, കടപ്പാക്കട, കൊല്ലം എന്നവർ മൂന്നാം ഗ്രേഡ് ഓവർസീയറായി 17/02/2012 ന് കോഴിക്കോട് എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ചുകൊണ്ട് സർക്കാർ സേവനം ആരംഭിക്കുകയും, പുതുതായി പി.എസ്.സി. വഴി നിയമനം ലഭിച്ചതിനെ തുടർന്ന് 22/05/2012 AN ന് രണ്ടാം ഗ്രേഡ് ഓവർസീയറായി കുഴൽമന്ദം സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. കുഴൽമന്ദം സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 24/07/2012 ലെ E1-3/2012 നമ്പർ ഉത്തരവ് പ്രകാരം, ഭാര്യയോടൊത്ത് വിദേശത്ത് താമസിക്കുവാനായി ശ്രീ. വിഷോയ് വി.ആർ. ന് 25/07/2012 മുതൽ 22/10/2012 വരെ 90 ദിവസത്തേക്ക് KSR Rule-88, XII-C പ്രകാരമുള്ള ശൂന്യവേതനാവധി അനുവദിച്ചിട്ടുള്ളതും 27/10/2012 ന് തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതാണ്.

തുടർന്ന് തദ്ദേശസ്വയംഭരണ(ഇ.ഡബ്ല്യ)വകുപ്പിന്റെ 29/11/2012 ലെ GO(Rt)No.3277/2012/LSGD നമ്പർ ഉത്തരവ് പ്രകാരം 01/12/2012 മുതൽ 30/11/2017 വരെ 5 വർഷത്തേക്ക് ശൂന്യവേതന അവധിയിൽ പ്രവേശിച്ചിട്ടുള്ളതും അവധി കഴിഞ്ഞിട്ടും നാളിതുവരെ തിരികെ ജോലിയിൽ പ്രവേശിക്കാതെ അനധികൃത ഹാജരില്ലായ്മയിൽ തുടരുകയുമാണ്. ടിയാന് നൽകിയിട്ടുള്ള കുറ്റാരോപണ മെമ്മോ/പത്രിക ടിയാന്റെ മേൽവിലാസത്തിൽ അയച്ചുനല്കിയപ്പോൾ ആയത് തിരികെ വന്നതായും തുടർന്ന് ഇ-മെയിൽ വിലാസത്തിൽ അയച്ചുനല്കുകയും മറുപടി ഇ-മെയിൽ മുഖേന സമർപ്പിക്കുകയാണുണ്ടായതെന്നും ഫോൺ മുഖേന ബന്ധപ്പെട്ടപ്പോൾ നിലവിൽ കാനഡയിലാണ് താമസമെന്ന് അറിയാൻ കഴിഞ്ഞിട്ടുള്ളതുമാണ്.

ഔപചാരിക അന്വേഷണത്തിന്റെ ഭാഗമായിട്ടുള്ള ഹിയറിംഗ് നോട്ടീസ് ടിയാന് രജിസ്ട്രേഡ് തപാൽ മുഖേന അയച്ചു നല്കിയിരുന്നുവെങ്കിലും "Addressee Left India" എന്ന കാരണം കാണിച്ച് മടങ്ങിവരികയാണുണ്ടായത്. തുടർന്ന് ഇ-മെയിൽ മുഖേന അയച്ചുനല്കിയ നോട്ടീസിന് ടിയാൻ കാനഡയിൽ നിന്നും ലഭ്യമാക്കിയ മറുപടി പ്രകാരം ടിയാനുണ്ടായ

ജീവിത പ്രശ്നങ്ങളും, ആയതിനാൽ ടിയാന് സർവ്വീസിൽ തുടരാനാകാത്തതുമായ പശ്ചാത്തലം പലകുറി അറിയിച്ചിട്ടുള്ളതാണെന്നും, ഓട്ടിസം ബാധിച്ച മകന്റെ ചികിത്സാർത്ഥം ടിയാന് വിദേശത്ത് തുടരേണ്ടതിനാൽ ഔപാചരികാന്വേഷണത്തിന്റെ ഭാഗമായിട്ടുള്ള ഹിയറിംഗിന് പങ്കെടുക്കാൻ സാധിക്കുകയില്ലെന്നും സവിനയം ക്ഷമിച്ച് തുടർ അച്ചടക്കനടപടികൾ കൈക്കൊള്ളാതെ സർവ്വീസിൽ നിന്നും പിരിച്ചുവിടാൻ അപേക്ഷിച്ച് മറുപടി നൽകിയിട്ടുള്ളതാണ്.

തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 03/02/2012 ലെ E6-6400/2008/CE/LSGD ഉത്തരവ് പ്രകാരം 17/02/2012 ന് സർക്കാർ സർവ്വീസിൽ പ്രവേശിച്ച ടിയാന്റെ രണ്ടാം ഗ്രേഡ് ഓവർസിയർ തസ്തികയിലെ നിയമനം നാളിതുവരെ ക്രമവത്കരിച്ചിട്ടില്ലാത്തതും, നിരീക്ഷണകാലം പൂർത്തീകരിച്ചിട്ടില്ലാത്തതുമാണ്. സർക്കാർ സേവനത്തിൽ തുടരാൻ കഴിയാത്ത സാഹചര്യമാണെന്നും, സർവ്വീസിൽ നിന്നും പിരിച്ചുവിടണമെന്നും ശ്രീ. വിഷോയ് വി.ആർ. ആവശ്യപ്പെട്ടിട്ടുള്ളതിനാൽ ടിയാനെ നിയമാനുസൃതം സേവനത്തിൽ നിന്നും നീക്കം ചെയ്തുകൊണ്ട് ശിക്ഷണ നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് അന്വേഷണ ഉദ്യോഗസ്ഥനായ പാലക്കാട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ഔപചാരികാന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

സൂചന (7) പ്രകാരമുള്ള ഔപചാരികാന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താങ്കൾക്കെതിരെയുള്ള അച്ചടക്കനടപടിയിൽ അന്തിമതീരുമാനം എടുക്കുന്നതിന് മുന്നോടിയായി താങ്കളെ 12/06/24 തീയതിയിൽ നേരിൽ കേൾക്കുന്നതിന് നിശ്ചയിക്കുകയും സൂചന (8) പ്രകാരം ഹിയറിംഗ് നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. എന്നാൽ ടി ഹിയറിംഗിൽ താങ്കൾ പങ്കെടുത്തിരുന്നില്ല.

കുറ്റാരോപണ പത്രികയ്ക്ക് താങ്കൾ നൽകിയിട്ടുള്ള എതിർവാദ പത്രികയും, ആയതിൻമേൽ ലഭ്യമായിട്ടുള്ള അഭിപ്രായ റിപ്പോർട്ടും, ടി വിഷയത്തിൽ നടത്തിയിട്ടുള്ള ഔപചാരികാന്വേഷണത്തിന്റെ ഭാഗമായി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടും പരിശോധിച്ചതിൽ താങ്കൾക്കെതിരെയുള്ള കുറ്റാരോപണങ്ങളെല്ലാം അതേപടി നിലനിൽക്കുന്നതായും, ധനകാര്യ (റൂൾസ്-ബി) വകുപ്പിന്റെ 30/12/2020 തീയതിയിലെ KSR Part I, അനുബന്ധം XII A/XII C പ്രകാരം ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള നമ്പർ.83/2020/ധന സർക്കുലറിന്റെ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനം നടത്തിയതായും ബോധ്യപ്പെട്ടിരിക്കുന്നു. മേൽ പ്രതിപ്പാദിച്ചിട്ടുള്ള സർക്കുലറിൽ KSR Part I അനുബന്ധം XII-A, XII-C ശൂന്യവേതനാവധിയിലായിരുന്നതും എന്നാൽ അനുവദിച്ച കാലയളവിന് ശേഷവും അവധി അപേക്ഷ സമർപ്പിക്കാതെയും സർവ്വീസിൽ തിരികെ പ്രവേശിക്കാതെയും നിലവിൽ അനധികൃതമായി അവധിയിൽ തുടരുന്ന എല്ലാ ജീവനക്കാരെയും KSR Part I അനുബന്ധം XII-A, ചട്ടം 9/XII-C, ചട്ടം 10 പ്രകാരം അച്ചടക്കനടപടി സ്വീകരിച്ച് സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ എല്ലാ വകുപ്പ് തലവൻമാരും സമയബന്ധിതമായി സ്വീകരിക്കേണ്ടതാണെന്ന് മാർഗനിർദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 03/02/2012 ലെ E6-6400/2008/CE/LSGD നമ്പർ ഉത്തരവ് പ്രകാരം 17/02/2012 ന് സർക്കാർ സർവ്വീസിൽ പ്രവേശിച്ച താങ്കളുടെ രണ്ടാം ഗ്രേഡ് ഓവർസീയർ തസ്തികയിലെ നിയമനം നാളിതുവരെ ക്രമവൽകരിച്ചിട്ടില്ലാത്തതിനാലും,

നിരീക്ഷണകാലം പൂർത്തീകരിച്ചിട്ടില്ലാത്തതിനാലും, സർക്കാർ സേവനത്തിൽ തുടരാൻ കഴിയാത്ത സാഹചര്യമാണെന്നും താങ്കളെ സർവ്വീസിൽ നിന്നും പിരിച്ചുവിടണമെന്നും താങ്കൾ തന്നെ ആവശ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിലും താങ്കൾക്കെതിരെ 1960 -ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ ചട്ടം 15 ആരംഭിച്ച അച്ചടക്കനടപടി 1960 -ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ ചട്ടം 11 (1) (vii) പ്രകാരം **താങ്കളെ സർവ്വീസിൽ നിന്നും നീക്കം ചെയ്തു കൊണ്ട് തീർപ്പാക്കുന്നതിന്** താൽകാലികമായി തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത താൽകാലിക തീരുമാനം സ്ഥിരപ്പെടുത്താതിരിക്കാൻ തക്കവിധത്തിലുള്ള കാരണങ്ങളെന്തെങ്കിലും താങ്കൾക്ക് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ രേഖാമൂലം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ ഇനിയൊരറിയിപ്പ് കൂടാതെ ടി താൽകാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതാണെന്നുള്ള വിവരം താങ്കളെ അറിയിക്കുന്നു.

Seeram Sambasiva Rao IAS

PRINCIPAL DIRECTOR

SEERAM SAMBASIVA RAO IAS
PEN : 7?1045
Principal Director
Local Self Government Department
Swaraj Bhavan, Nanthencode
Kowdiar PO, Tvpm - 695003

PRINCIPAL DIRECTORATE ★ LOCAL SELF GOVT DEPARTMENT THIRUVANANTHAPURAM

സ്വീകർത്താവ്

ശ്രീ. വിഷോയ് വി.ആർ.,
രണ്ടാം ഗ്രേഡ് ഓവർസിയർ,
കുഴൽമന്ദം സബ് ഡിവിഷൻ, പാലക്കാട്.
(ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, പാലക്കാട് മുഖേന)

പകർപ്പ്
1. ജില്ല ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, പാലക്കാട്. (നോട്ടീസ് ടിയാന് നൽകി കൈപ്പറ്റ് പകർപ്പ്, മറുപടി എന്നിവ ലഭ്യമാക്കേണ്ടതാണ്)
2. സെക്രട്ടറി, കഴൽമന്ദം സബ് ഡിവിഷൻ, പാലക്കാട്. (പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)
3. **ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ**, പാലക്കാട്. (പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)
4. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, കഴൽമന്ദം സബ് ഡിവിഷൻ, പാലക്കാട്. (പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി.